# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ആഗസ്റ്റ് 24, ബുധനാഴ്ച

**നമ്പർ 79**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കണ്ണൂർ സർവ്വകലാശാലയിൽ ഉൾപ്പെടെ കേരളത്തിലെ സർവ്വകലാശാലകളിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതുമൂലവും ഉന്നതവിദ്യാഭ്യാസ മേഖല നിലവാരത്തകർച്ച നേരിടുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ദുർബ്ബലപ്പെടുത്തുന്ന കേന്ദ്രസർക്കാർ നയങ്ങൾ തിരുത്തുന്നതിന് സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. എസ്. സുപാൽ, തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അൻവർ സാദത്ത് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | ലിംഗനീതി സംരക്ഷണം | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 3 | ശ്രീ. യു. എ. ലത്തീഫ് | ന്യൂസ് പ്രിന്റിന്റെ വിലവർദ്ധന | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ശ്രീ. സി. ആർ. മഹേഷ് | തഴവ കോളേജ് കെട്ടിട നിർമ്മാണം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. ജി. എസ്. ജയലാൽ | പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ഡോ. സുജിത് വിജയൻപിള്ള | ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശനകവാടം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. രാജ | അടിമാലി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ഡോ. മാത്യു കുഴൽനാടൻ | ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ സേവനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. എൻ. ഷംസീർ | കായിക ക്ഷമതാ മിഷൻ പ്രവർത്തനം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(i) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട്.

(ii) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII -ന്റെ റിപ്പോർട്ട്.

(iii) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്.

(iv) 2022 - ലെ കേരള ലോകായുക്ത (ഭേദഗതി) ബിൽ, 2022 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം :

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങളും :

(i) 2022 - ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ അവതരിപ്പിക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന്, പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. രാജഗോപാലനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. യു. എ. ലത്തീഫും അവതരിപ്പിച്ച് സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. കെ. പ്രശാന്ത് പിൻതാങ്ങി സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പിൻതാങ്ങി സംസാരിച്ചു. തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പു മന്ത്രി ശ്രീ. പി. രാജീവ് 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന്, പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. നന്ദകുമാറും, ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ശശിയും അവതരിപ്പിച്ച സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IV - ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, 2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ അവതരിപ്പിക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. നജീബ് കാന്തപുരം ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. ഉബൈദുള്ളയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. സിദ്ദിഖും അവതരിപ്പിച്ച സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ പിൻതാങ്ങി സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ശ്രീ. കെ. പി. മോഹനൻ പിൻതാങ്ങി സംസാരിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭ തള്ളി. തുടർന്ന് 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(iv) 2022 - ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിച്ചു. ശ്രീ. പി. സി. വിഷ്ണുനാഥ് ബിൽ അവതരണത്തെ എതിർത്തുകൊണ്ട് ക്രമപ്രശ്നം ഉന്നയിച്ച് സംസാരിച്ചു. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി. തുടർന്ന്, മന്ത്രി ബിൽ സബ്ജക്ട് കമ്മിറ്റി VI - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ടി. വി. ഇബ്രാഹിമും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. പ്രഭാകരൻ ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. കെ. ടി. ജലീലും അവതരിപ്പിച്ച സംസാരിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2022 - ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(v) 2022 - ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലും അവതരിപ്പിച്ച് സംസാരിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VIII - ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

(2) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ അവതരിപ്പിക്കുകയും, ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി ശാന്തകുമാരി കെ.-യും, ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി സി. കെ. ആശയും അവതരിപ്പിച്ച് സംസാരിച്ചു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കുറുക്കോളി മൊയ്തീൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെ കുറിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ

അനുമതിയോടെ പിൻവലിച്ചു. തുടർന്ന്, 2022 - ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ചുവടെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(1) ശ്രീമതി ജെ. ചിഞ്ചുറാണി ( മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി)

(2) ശ്രീ. സി. എച്ച്. കുഞ്ഞമ്പു

(3) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(4) ശ്രീ. കെ. ഡി. പ്രസേനൻ

(5) ശ്രീമതി യു. പ്രതിഭ

(6) ശ്രീ. ഡി. കെ. മുരളി

(7) ശ്രീ. ജി. എസ്. ജയലാൽ

(8) ശ്രീമതി. സി. കെ. ആശ

(9) ശ്രീ. ജോബ് മൈക്കിൾ

(10) ശ്രീ. കെ. പി. മോഹനൻ

(11) ശ്രീ. അൻവർ സാദത്ത്

(12) ശ്രീ. മോൻസ് ജോസഫ്

(13) ശ്രീ. കുറുക്കോളി മൊയ്തീൻ

(14) ശ്രീമതി കെ. കെ. രമ

(15) ഡോ. മാത്യു കുഴൽനാടൻ

2022 ആഗസ്റ്റ് 29- ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 06.44 - ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, August 24, 2022*

**No. 79**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Higher Education and Social Justice, the Speaker withheld consent to the moving of an adjournment motion given notice of by Shri. Roji M. John and five other Members regarding the serious situation reported to have arisen consequent to the decline in the quality of higher education sector and the back door appointments made in the Universities of Kerala including the Kannur University.

(As a mark of protest against the attitude of the Government the Members belong to opposition staged a walkout)

*Calling Attention :*

1. Shri P. S. Supal called the attention of the Minister for Local Self Governments, Rural Development and Excise to exert pressure to revise the policies of the Central Government that weaken the Mahatma Gandhi National Rural Employment Guarantee Scheme. The Minister made a statement thereto.

2. Shri Anwar Sadath called the attention of the Minister for General Education and Labour to the necessity to take steps for timely revision of the amount given to mid-day meal at schools. The Minister made a statement thereto.

KNPP.1192/22(ii)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | ലിംഗനീതി സംരക്ഷണം | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. പ്രേംകുമാർ | ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 3 | ശ്രീ. യു. എ. ലത്തീഫ് | ന്യൂസ് പ്രിന്റിന്റെ വിലവർദ്ധന | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ശ്രീ. സി. ആർ. മഹേഷ് | തഴവ കോളേജ് കെട്ടിട നിർമ്മാണം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 5 | ശ്രീ. ജി. എസ്. ജയലാൽ | പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. സണ്ണി ജോസഫ് | പേരാവൂരിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ഡോ. സുജിത് വിജയൻപിള്ള | ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശനകവാടം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. രാജ | അടിമാലി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ഡോ. മാത്യു കുഴൽനാടൻ | ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ സേവനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. എൻ. ഷംസീർ | കായിക ക്ഷമതാ മിഷൻ പ്രവർത്തനം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

<u>Presentation of Reports:</u>

The following reports were presented.

(i) Report of Subject Committee-V on The Kerala Maritime Board (Amendment) Bill, 2022.

(ii) Report of Subject Committee-VII on The Kerala Jewellery Workers' Welfare Fund (Amendment) Bill, 2022.

(iii) Report of Subject Committee-XI on The Kerala Co-operative Societies (Second Amendment) Bill, 2022.

(iv) Reports of Subject Committee-XIV on The Kerala Lok Ayukta (Amendment) Bill, 2022 and The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2022.

Legislative Business :

*(1) Introduction and Motion for reference to Subject Committee of the following Bills :*

*(i) The Kerala Local Self Government Common Service Bill, 2022*

Shri M. V. Govindan Master, Minister for Local Self Governments, Rural Development and Excise introduced The Kerala Local Self Government Common Service Bill, 2022 and moved that the Bill be referred to Subject Committee IX. Shri M. Rajagopalan moved an amendment to circulate the Bill for eliciting public opinion and Shri U. A. Lathif moved another amendment for referring the Bill to a Select Committee and spoke. Shri V. K. Prasanth as authorised by Shri K. D. Prasenan seconded the amendment to circulate the Bill for eliciting public opinion and spoke. Shri Thiruvanchoor Radhakrishnan seconded the amendment for referring the Bill to a Select Committee and spoke. After the reply by Minister for Local Self Governments, Rural Development and Excise the amendment moved to circulate the Bill for eliciting public opinion was withdrawn by the leave of the House and the amendment moved for referring the Bill to a Select Committee was declared lost. Then the Motion for referring the Bill to Subject Committee IX was adopted and the Bill was referred to the Subject Committee IX.

*(ii) The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022*

Shri P. Rajeeve, Minister for Law, Industries and Coir introduced The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022 and moved that the Bill be referred to Subject Committee IV. Shri P. Nandakumar as authorised by Shri A. C. Moideen moved an amendment to circulate the Bill for eliciting public opinion and Shri V. Sasi as authorised by Shri P. S. Supal moved another amendment for referring the Bill to

a Select Committee and spoke. After the reply by Minister for Law, Industries and Coir the amendment moved were withdrawn by the leave of the House. Then the Motion for referring the Bill to Subject Committee IV was adopted and the Bill was referred to the Subject Committee IV.

*(iii) The Kerala Public Enterprises (Selection and Recruitment) Board Bill, 2022*

Shri P. Rajeeve, Minister for Law, Industries and Coir introduced The Kerala Public Enterprises (Selection and Recruitment) Board Bill, 2022 and moved that the Bill be referred to Subject Committee IV. Shri. P Ubaidulla as authorised by Shri Najeeb Kanthapuram moved an amendment to circulate the Bill for eliciting public opinion and Shri T. Siddique moved another amendment for referring the Bill to a Select Committee and spoke. Shri K. N. Unnikrishnan seconded the amendment to circulate the Bill for eliciting public opinion and spoke. Shri K. P. Mohanan seconded the amendment for referring the Bill to a Select Committee and spoke. After the reply by Minister for Law, Industries and Coir the amendment moved were declared lost. Then the Motion for referring the Bill to Subject Committee IV was adopted and the Bill was referred to the Subject Committee IV.

*(iv) The University Laws (Amendment) Bill, 2022*

DR. R. Bindhu, Minister for Higher Education and Social Justice introduced The University Laws (Amendment) Bill, 2022. Shri P. C. Vishnunadh raised objections regarding the moving of the bill for taken into consideration and spoke. Speaker ruled out the objections. Then the Minister moved that the Bill be referred to Subject Committee VI. Shri T. V. Ibrahim as authorised by Shri K.P.A. Majeed moved an amendment to circulate the Bill for eliciting public opinion and DR. K. T. Jaleel as authorised by Shri A. Prabhakaran moved another amendment for referring the Bill to a Select Committee and spoke. After the reply by Minister for Higher Education and Social Justice the amendment moved to circulate the Bill for eliciting public opinion was declared lost and the amendment moved for referring the Bill to a Select Committee was withdrawn by the leave of the House.

Then the Motion for referring the Bill to Subject Committee VI was adopted and the Bill was referred to the Subject Committee VI.

*(v) The Kerala Fiscal Responsibility (Amendment) Bill, 2022*

Shri K. N. Balagopal, Minister for Finance introduced The Kerala Fiscal Responsibility (Amendment) Bill, 2022 and moved that the Bill be referred to Subject Committee VIII. DR. Mathew Kuzhalnadan as authorised by Shri C. R. Mahesh moved an amendment to circulate the Bill for eliciting public opinion and Shri Sebastian Kulathunkal moved another amendment for referring the Bill to a Select Committee and spoke. After the reply by Minister for Finance the amendment moved to circulate the Bill for eliciting public opinion was declared lost and the amendment moved for referring the Bill to a Select Committee was withdrawn by the leave of the House. Then the Motion for referring the Bill to Subject Committee VIII was adopted and the Bill was referred to the Subject Committee VIII.

*(2) Introduction and motion for reference to Select Comittee of The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale) Bill, 2022.*

Smt. J. Chinchurani, Minister for Animal Husbandry and Dairy Development introduced The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale) Bill, 2022 and moved that the Bill be referred to a Select Committee. Smt. Santhakumari K. as authorised by Shri K. V. Sumesh moved an amendment to circulate the Bill for eliciting public opinion and Smt. C. K. Asha as authorised by Shri E. T. Taison Master moved another amendment for referring the Bill to a Subject Committee and spoke. Shri Kurukkoli Moideen as authorised by Prof. Abid Hussain Thangal seconded the amendment to circulate the Bill for eliciting public opinion and spoke. After discussion and reply by the Minister for Animal Husbandry and Dairy Development, the amendments moved were withdrawn by the leave of the House. Then the Motion for referring The Kerala Livestock and Poultry Feed and Mineral Mixture (Regulation of Manufacture and Sale) Bill, 2022 to a Select Committee was adopted and the Bill was referred to a Select Committee with the following Members.

(1) Smt. J. Chinchurani, Minister for Animal Husbandry and Dairy Development.

(2) Shri C. H. Kunhambu

(3) Shri K. P. Kunhammed Kutti Master

(4) Shri K. D. Prasenan

(5) Smt U. Prathibha

(6) Shri D. K. Murali

(7) Shri G. S. Jayalal

(8) Smt C. K. Asha

(9) Shri Job Maichil

(10) Shri K. P. Mohanan

(11) Shri Anwar Sadath

(12) Shri Mons Joseph

(13) Shri Kurukkoli Moideen

(14) Smt K. K. Rema

(15) Dr Mathew Kuzhalnadan

The House adjourned at 06.44 p.m. to meet again at 9.00 a.m on Monday August 29, 2022.

A. M. Basheer,
*Secretary.*